# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


---

## പത്രകുറിപ്പ്

ആറ്റുകാൽ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരസഭപരിധിയിൽ വരുന്ന കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ വില്ക്കുന്നവരും ഉല്പാദിപ്പിക്കുന്നവരും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുതണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ് അറിയിച്ചു.

ഉത്സവവുമായി ബന്ധപ്പെട്ട് അന്നദാനം നടത്തുന്നവരും താൽക്കാലിക വിൽപന നടത്തുന്നവരും നിർബന്ധമായും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8943346526 എന്ന നമ്പറിലോ അടുത്തുള്ള അക്ഷയകേന്ദ്രങ്ങളുമായോ ബന്ധപ്പെടാവുന്നതാണ്. രജിസ്ട്രേഷൻ എടുക്കുന്നവർക്ക് മാത്രമേ പ്രവർത്തനാനുമതി ലഭിക്കുകയുള്ളൂ. എല്ലാ അക്ഷയ കേന്ദ്രങ്ങൾ വഴിയും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

ഉൽസവവുമായി ബന്ധപ്പെട്ട് കൃത്രിമ നിറങ്ങളും കൃത്രിമ മധുരപദാർത്ഥങ്ങളും ചേർത്ത് ജ്യൂസ്, ഐസ് മിഠായി, എന്നിവ വിൽപന നടത്തുവാനുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതിൽ

നിന്നും എല്ലാ വ്യപാരികളും താൽക്കാലിക കച്ചവടക്കാരും ഒഴിഞ്ഞുനിൽക്കണമെന്ന് അറിയിക്കുന്നു. ഇപ്രകാരം ചെയ്യുന്നത് 5 ലക്ഷം രൂപ പിഴയും 6 മാസം വരെ തടവു ശിക്ഷയും ലഭിക്കാവുന്ന ക്രിമിനൽ കുറ്റകൃത്യമാണ്. പഞ്ഞി മിഠായി, ഐസ് മിഠായി എന്നിവ വാങ്ങി കഴിക്കാതിരിക്കാൻ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ഉത്സവകാലത്ത് ഭക്ഷ്യവില്പനസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരം ജില്ലാ ഫുഡ് സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണറുടെയും, ഇന്റലിജൻസിന്റെയും പ്രത്യേക സ്ക്വാഡുകളെ വിന്യസിക്കുന്നതാണെന്ന് ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

സുരക്ഷിതമായ ആഹാരം എല്ലാവർക്കും ലഭിക്കുന്നതിനായി ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് സ്വീകരിക്കുന്ന നടപടികളോട് കച്ചവടക്കാരും, പൊതുജനങ്ങളും, ഭക്തജനങ്ങളും പൂർണ്ണമായും സഹകരിക്കണമെന്ന് ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ പരാതികളും 1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിലോ 8943341130, 8943346526, 8943346529, 8943346195, തുടങ്ങിയ നമ്പറുകളിലോ അറിയിക്കാവുന്നതാണ്.

പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഫുഡ് സേഫ്റ്റി കൺട്രോൾ റൂം ആറ്റുകാൽ ട്രസ്റ്റ് ഓഫീസിൽ പ്രവർത്തനമാരംഭിക്കുന്നതായിരിക്കും.

തീയതി: 28.01.2016

**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**